പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

26.06.2013–ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 378

## സംയോജിത കായൽ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എം.എ.വാഹീദ്**<br>**ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. പി.എ.മാധവൻ** | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു.പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിനോദസഞ്ചാര വികസനത്തിനായി സംയോജിത കായൽ ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) വിനോദ സഞ്ചാര വികസനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആദ്യഘട്ടമായി ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. മാസ്റ്റർപ്ലാനിലൂടെ 520 കോടി രൂപയുടെ പദ്ധതികളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 72 കോടി രൂപയുടെ ആദ്യഘട്ട പദ്ധതികൾ കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിക്കുകയും 47.62 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അത്തരം പ്രവൃത്തികൾക്ക് മുൻഗണന നൽകി കേന്ദ്രാനുമതി ലഭിച്ച 47.62 കോടി രൂപയ്ക്ക് പുറമേ 4.62 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. ഇപ്രകാരം 52.24 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) വിനോദ സഞ്ചാര വികസനമേഖലയിൽ കായലോര വിനോദസഞ്ചാരം ഒരു ശൃംഖലയായി പരസ്പരം ബന്ധപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. |
| (സി) പദ്ധതി നടത്തിപ്പിൽ ആരെയെല്ലാമാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്; | (സി) കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരളാ ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ എന്നിവരിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) ഈ പദ്ധതികൾക്കുള്ള കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിക്കുള്ള നടപടികൾ പൂർത്തിയായി വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ